## **പതിനഞ്ചാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

## **ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2025 മാർച്ച് 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## **വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

41(*271) വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ നടപടി

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, രാസവളങ്ങളുടെ വില നിർണ്ണയാധികാരം വിതരണ കമ്പനികൾക്ക് നൽകുകയും നിലവിലുള്ള സബ്സിഡിയും ബജറ്റ് വിഹിതവും വെട്ടിക്കുറയ്ക്കുകയും ചെയ്ത കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങൾമൂലം രാസവളങ്ങളുടെ വിലയിൽ ഗണ്യമായ വർധനവുണ്ടായിട്ടുണ്ടെന്നും ഇത് പരിഹരിക്കുന്നതിന് കൃഷി വകുപ്പ് രാസവളങ്ങൾ, കീടനാശിനികൾ, കുമ്മായം എന്നിവ സബ്സിഡി നിരക്കിലും അടിയന്തര ഘട്ടത്തിൽ ജൈവജീവാണു കീടരോഗ നിയന്ത്രണ ഉപാധികൾ

സൗജന്യമായും നൽകി കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വ്യാപാരികളിലൂടെയും പ്രാദേശിക സഹകരണ സംഘങ്ങൾ മുഖേനയും വളം വിതരണം ശക്തിപ്പെടുത്തി വളം ലഭ്യത ഉറപ്പാക്കുകയും "ജൈവ കാർഷിക മിഷൻ" രൂപീകരിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ, ജൈവജീവാണു വളങ്ങൾ ഉത്പാദിപ്പിക്കുന്നതിന് കർഷകർ/ കൃഷിക്കൂട്ടങ്ങൾ എന്നിവർക്ക് പരിശീലനം നൽകുകയും വിപണിയിൽ ലഭ്യമായ ജൈവ വളങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ലബോറട്ടറികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ വില നിയന്ത്രണമില്ലാത്ത വളങ്ങൾക്ക് അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി ചെലവ്, കയറ്റിറക്ക് കൂലിയിലുള്ള വർധനവ് എന്നിവയുടെ അടിസ്ഥാനത്തിൽ സബ്സിഡി തുക ആനുപാതികമായി വർധിപ്പിക്കണമെന്നും വളങ്ങളുടെ വിലയിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്നും ബന്ധപ്പെട്ട കേന്ദ്രമന്ത്രിമാരെ നേരിൽ കണ്ട് ആവശ്യപ്പെടുന്നതാണ്. കുടുംബശ്രീ, ഹരിത കർമ്മസേന എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി പ്രാദേശിക തലത്തിൽ ജൈവ വളം ഉൽപ്പാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും

വിഷരഹിത സുരക്ഷിത ഭക്ഷണം ഉറപ്പാക്കുമെന്ന സർക്കാർ നിലപാടിന്റെ ഭാഗമായി പച്ചക്കറി/പഴവർഗ ഉൽപ്പാദനത്തിൽ വർധനവുണ്ടായിട്ടുണ്ടെന്നും വളത്തിന്റെ ഗുണനിലവാര പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ലൈസൻസ് സസ്പെന്റ്/റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

42(*272) എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കാൻ നടപടി

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സാധ്യമായ എല്ലാ കുടുംബങ്ങളിലും കൃഷി സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും ഇതിന്റെ ഭാഗമായി നടത്തുന്ന "ഞങ്ങളും കൃഷിയിലേക്ക്" എന്ന ക്യാമ്പയിനിലൂടെ പരമാവധി വീടുകളിൽ സുരക്ഷിത ഭക്ഷ്യ ഉത്പാദനത്തിന് തുടക്കം കുറിക്കാൻ സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ടി ക്യാമ്പയിന്റെ തുടർച്ചയായി വിവിധ വകുപ്പുകളുടെ

ഏകോപനത്തോടെ കാർഷിക മേഖലയിൽ നടപ്പാക്കുന്ന വിഷൻ 2033-ലൂടെ കൃഷി സമൃദ്ധി, സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം, കയറ്റുമതി ലക്ഷ്യമാക്കിയുള്ള മൂല്യവർധിത കൃഷി, നവോ-ധൻ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും അടുത്ത 5 വർഷംകൊണ്ട് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കാർഷിക ഉല്പാദനത്തിനനുസരിച്ചുള്ള വിപണിയും വിലയും ഉറപ്പുനൽകി കയറ്റുമതി ലക്ഷ്യമാക്കി മൂല്യവർധിത കൃഷി, വാണിജ്യ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും വിഷൻ 2033 ലക്ഷ്യമിടുന്നുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽ ഉല്പാദിപ്പിക്കുന്നത് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറിയുടെ വിത്തുകളും തൈകളും സൗജന്യമായി വിതരണം ചെയ്തുവരുന്നതിനുപുറമെ പോഷക സമൃദ്ധി മിഷനിലുൾപ്പെടുത്തി വീട്ടുവളപ്പുകളിൽ ഒരു ലക്ഷം പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം അനുവദിക്കുകയും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ക്ഷീര/കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്ന ആർ.സി.ഇ.പി.

കരാറിലെ വ്യവസ്ഥകൾ പുനഃപരിശോധിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദം ചെലുത്തുന്നുണ്ടെന്നും ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പരിശോധനകൾ നടത്തിവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. തരിശ്ഭൂമി/അന്യാധീനപ്പെട്ട ഭൂമി എന്നിവ ഏറ്റെടുത്ത് കൃഷിയിറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ 486 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുവഴി 2980 ഗുണഭോക്താക്കൾക്കായി 1152 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും RIAS പദ്ധതിയിലൂടെ 1576 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടെന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതമുപയോഗിച്ച് കാർഷിക മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ തയ്യാറാക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും ജില്ലാടിസ്ഥാനത്തിൽ പദ്ധതികൾ തയ്യാറാക്കുന്നതിന് പ്രോജക്ട് ബാങ്ക് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

43(*273) ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവയ്ക്കുന്ന കരിക്കുലം ചട്ടക്കൂട്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) നൽകിയ മറുപടിയിൽ, പുരാണങ്ങളും ഇതിഹാസങ്ങളും ആധാരമാക്കിയുള്ള പാഠ്യപദ്ധതിയായ ദേശീയ വിദ്യാഭ്യാസ നയത്തിൽനിന്നും വിഭിന്നമായി സാംസ്കാരിക വൈവിധ്യത്തിലും ഭരണഘടനാ മൂല്യങ്ങളിലും ഊന്നിക്കൊണ്ട് ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സുസ്ഥിരത, ജനാധിപത്യം, പൗരബോധം, ജെൻഡർ അവബോധം, സമഭാവന, മതനിരപേക്ഷത, ശാസ്ത്രബോധം എന്നിവ ഉൾക്കൊള്ളുന്ന ഒരു പുതുതലമുറയെ സൃഷ്ടിക്കുകയെന്നതാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ കേരളം ലക്ഷ്യമിടുന്നതെന്ന് സഭയെ അറിയിച്ചു. സമഗ്രവിദ്യാഭ്യാസം ചെറിയൊരു ശതമാനത്തിന് മാത്രം നൽകി മറ്റുള്ളവരെ കമ്പോളത്തിനാവശ്യമായ തൊഴിൽ സേനയുടെ ഭാഗമാക്കി മാറ്റുന്ന നിർദേശങ്ങളാണ് യു.ജി.സി ഫ്രെയിംവർക്കിന്റെ ഭാഗമാക്കിയിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അധ്യയന വർഷം മുതൽ മൂന്നുവർഷം കഴിയുമ്പോൾ ബിരുദവും നാലാം വർഷം ഓണേഴ്സ് ബിരുദവും റിസർച്ച് താൽപ്പര്യമുള്ളവർക്ക് ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദവും നേടാൻ കഴിയുന്ന തരത്തിലുള്ള ബിരുദ

പ്രോഗ്രാമിലൂടെ അറിവ് നേടുന്നതിനോടൊപ്പം അറിവ് ഉൽപാദിപ്പിക്കുന്നതിനും പ്രായോഗികമായ അറിവുകൾ ആർജിക്കാനും സംരംഭകത്വ താൽപര്യങ്ങൾ ഉളവാക്കാനും തൊഴിൽ ദാതാക്കളായി ഉയരാനും വിദ്യാർഥികളെ സഹായിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കേരളത്തിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് നിലവിൽ നടക്കുന്ന പരിഷ്കരണങ്ങൾ ജനപക്ഷ വൈജ്ഞാനിക സമൂഹനിർമ്മിതിയുമായി ബന്ധപ്പെട്ടാണ് വിലയിരുത്തപ്പെടേണ്ടതെന്നും സാമൂഹ്യനീതി/ മതനിരപേക്ഷത/ജനാധിപത്യം എന്നിവയിൽ അധിഷ്ഠിതമായതും എല്ലാ വിഭാഗങ്ങൾക്കും പ്രാപ്യതയും തുല്യതയും ഉറപ്പാക്കുന്നതും മികവിലും ഗുണനിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്നതുമായ ഉന്നതവിദ്യാഭ്യാസത്തിനാണ് സർക്കാർ പ്രാധാന്യം നൽകുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. കേരളത്തിലെ നാലുവർഷ ബിരുദ കോഴ്സിന്റെ ഭാഗമായി വിദ്യാർഥികളുടെ അഭിരുചിക്ക് ഇണങ്ങുന്ന വിധത്തിലുള്ള ഭാഷാ പരിചയവും ഭാഷാ പ്രാവീണ്യവും കാലാനുസൃതമായ തരത്തിൽ ബിരുദ പാഠ്യപദ്ധതി സ്വയം രൂപകൽപ്പന ചെയ്യാനുള്ള സ്വാതന്ത്ര്യവും ഉറപ്പാക്കുന്നുണ്ട്. Ease of doing education-ന്റെ ഭാഗമായി പരമാവധി സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുകയും സംസ്ഥാനത്തെ സർവകലാശാലകളെയും

കോളേജുകളെയും സംയോജിപ്പിക്കുന്നതിനായി K-REAP (Kerala Resources for Education Administration and Planning) സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ കരിക്കുലം ചട്ടക്കൂടിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് ഹയർ സെക്കൻഡറിതലം മുതൽ പരിചയപ്പെടുത്തൽ പരിപാടികൾ നടത്തിവരുന്നുണ്ടെന്നും വിദ്യാർഥികളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും സംശയ ദൂരീകരണത്തിനും ആവശ്യമായ സംവിധാനമൊരുക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

44(*274) <u>കായികമേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഹൂപ്പ്സ്, സ്പ്രിന്റ്, ഹെൽത്തി കിഡ്സ്, ജൂഡോക, പഞ്ച്, ഗോൾ, സ്ലാഷ് തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നും 2024 ജനുവരി 23 മുതൽ 26 വരെ സംഘടിപ്പിച്ച അന്താരാഷ്ട്ര സ്പോർട്സ് സമ്മിറ്റിൽ അടിസ്ഥാന സൗകര്യ വികസനം, അടിസ്ഥാന കായിക പരിശീലനം, ഇ-സ്പോർട്സ്, ലീഗുകൾ എന്നീ മേഖലകളിൽ ലഭ്യമായ നിക്ഷേപ

വാഗ്ദാനങ്ങളും പദ്ധതികളും നടപ്പിലാക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കായിക മേഖലയെ ദേശീയ/അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ/സിന്തറ്റിക് ടർഫ്, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിംഗ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം, കിഫ്ബി മുഖേനയുള്ള കായിക അടിസ്ഥാന സൗകര്യവികസന പദ്ധതികൾ, ഖേലോ ഇന്ത്യ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. പ്രതിഭാശാലികളായ കായിക താരങ്ങളെ കണ്ടെത്തി പരിശീലിപ്പിച്ച് ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി 6-ാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, സ്പോർട്സ് അക്കാദമികൾ എന്നിവയിലൂടെ 21 കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നുണ്ട്. സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ അധീനതയിലുള്ള നീന്തൽക്കുളങ്ങളിൽ സ്കൂൾ കുട്ടികൾക്ക് പരിശീലനം നൽകുന്ന പദ്ധതി കൊല്ലം, കോട്ടയം, പാലക്കാട്, വയനാട് ജില്ലകളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. വനിത ഫുട്ബോൾ അന്തർദേശീയ നിലവാരത്തിലെത്തിക്കുന്നതിന് എറണാകുളം

ജില്ലയിൽ അണ്ടർ 14 വനിതാ അക്കാദമി ആരംഭിച്ചിട്ടുണ്ട്. 38-ാം ദേശീയ ഗെയിംസിൽ 17 ഇനങ്ങളിൽ മെഡൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും അടുത്ത ദേശീയ ഗെയിംസിൽ കൂടുതൽ മികവിലേക്ക് എത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ ഹോക്കി അസോസിയേഷന് ബജറ്റ് വിഹിതമായി 56 ലക്ഷം രൂപയും സ്പോർട്സ് കൗൺസിൽ ഗ്രാന്റ് ഇനത്തിൽ 23.83 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് ബജറ്റ് വിഹിതമായി 34 കോടി രൂപ വകയിരുത്തുകയും 19.70 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ ഗെയിംസിന് അനുവദിച്ച 4.5 കോടി രൂപയിൽ 37.82 ലക്ഷം രൂപ പരിശീലന ക്യാമ്പുകൾക്ക് അഡ്വാൻസായി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കിഫ്ബി മുഖാന്തരം 1200 കോടി രൂപയുടെ അടിസ്ഥാന വികസന പദ്ധതികൾ നടപ്പിലാക്കുകയും 'ഒരു പഞ്ചായത്ത് ഒരു കളിക്കളം' പദ്ധതി പ്രകാരം 129 കളിക്കളങ്ങളുടെ പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരമുള്ള

ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് പൂർത്തിയാക്കി 600 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിവരികയാണെന്നും ഐ.എസ്.എസ്.കെ.-യുടെ നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തിയുള്ള 950 കോടി രൂപയുടെ പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണെന്നും രാജ്യത്തുതന്നെ ഏറ്റവുമധികം കായികതാരങ്ങൾക്ക് ജോലി നൽകുന്ന സംസ്ഥാനം കേരളമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.